# പതിനാലാം കേരള നിയമസഭ
## പത്താം സമ്മേളനം

**നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ 670** **04-04-2018 ൽ മറുപടിക്ക്**

## കയ്യേറ്റം ഒഴിപ്പിക്കുന്നതിന് കാലോചിതമായ നിയമ ഭേദഗതി

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.കെ.സി.ജോസഫ്<br>ശ്രീ. അടൂർ പ്രകാശ്<br>ശ്രീ. കെ.മുരളീധരൻ<br>ശ്രീ.വി.ഡി.സതീശൻ | ശ്രീ. ഇ. ചന്ദ്രശേഖരൻ<br>(റവന്യൂവും ഭവനനിർമ്മാണവും വകുപ്പ് മന്ത്രി) |
| (എ) സംസ്ഥാനത്ത് പല ഭാഗങ്ങളിലും സർക്കാർ ഭൂമി അനധികൃതമായി കയ്യേറുന്നു എന്ന വാർത്ത ശ്രദ്ധയിൽപെട്ടിട്ടുണ്ടോ; | (എ) സംസ്ഥാനത്ത് പലഭാഗങ്ങളിലും സർക്കാർ ഭൂമി അനധികൃതമായി കയ്യേറുന്നു എന്ന വാർത്ത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. അനധികൃത കയ്യേറ്റങ്ങൾ സമയബന്ധിതമായി ഒഴിപ്പിക്കുന്നതിനുള്ള എല്ലാ നിയമാനുസൃത നടപടികളും സ്വീകരിക്കുന്നുണ്ട്. |
| (ബി) അനധികൃത കയ്യേറ്റങ്ങൾ സമയബന്ധിതമായി ഒഴിപ്പിക്കുന്നതിന് സാധിക്കാതിരുന്നിട്ടുണ്ടോ; എങ്കിൽ കാരണം വ്യക്തമാക്കാമോ;<br>(സി) അനധികൃത കയ്യേറ്റങ്ങൾ ഒഴിപ്പിക്കുന്നതിന് 1958 ലെ ഭൂസംരക്ഷണ നിയമവും ചട്ടങ്ങളും ഫലപ്രദമല്ലായെന്ന് കരുതുന്നുണ്ടോ; എങ്കിൽ പ്രസ്തുത നിയമത്തിലും ചട്ടങ്ങളിലും കാലോചിതമായ ഭേദഗതി കൊണ്ടുവരുവാൻ ആലോചിക്കുന്നുണ്ടോ; വ്യക്തമാക്കാമോ; | (ബി) & (സി) കേരള ഭൂസംരക്ഷണ നിയമം 1957, കേരള ഭൂസംരക്ഷണ ചട്ടം 1958, 2009 ലെ ഭൂസംരക്ഷണ ഭേദഗതി നിയമം എന്നിവ പ്രകാരമാണ് അനധികൃത കയ്യേറ്റങ്ങൾ ഒഴിപ്പിക്കുന്നത്. ടി നിയമത്തിലും ചട്ടങ്ങളിലും കയ്യേറ്റങ്ങൾ ഒഴിപ്പിക്കുന്നതിന് വ്യക്തമായി വ്യവസ്ഥയുള്ളതും ആയതിന്റെ അടിസ്ഥാനത്തിൽ ഒഴിപ്പിക്കൽ നടപടികൾ നടന്നു വരുന്നതുമാണ്. കയ്യേറ്റം ഒഴിപ്പിക്കുന്നതുൾപ്പെടെയുള്ള കാര്യങ്ങളിൽ കൂടുതൽ ശക്തമായ വ്യവസ്ഥകൾ ഉൾപ്പെടുത്തി കൊണ്ടുള്ള കേരള ലാന്റ് ഗ്രാബിംഗ് പ്രൊഹിബിഷൻ ബിൽ നിയമമാകുന്ന കാര്യം സർക്കാരിന്റെ സജീവ പരിഗണനയിൽ ആണ്. |
| (ഡി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം റിപ്പോർട്ട് ചെയ്ത കയ്യേറ്റകേസുകൾ പോലും ഫലപ്രദമായി ഒഴിപ്പിക്കുന്നതിന് സാധിക്കാത്ത സാഹചര്യമുണ്ടായിട്ടുണ്ടോ; വ്യക്തമാക്കാമോ; | (ഡി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം 1477 കയ്യേറ്റ കേസുകൾ റിപ്പോർട്ടും ചെയ്തിട്ടുള്ളതും 605 കേസുകളിലായി 196.6477 (H) സർക്കാർ ഭൂമി ഒഴിപ്പിച്ചെടുത്തിട്ടുള്ളതുമാണ്. ബഹു. കോടതികളിൽ വ്യവഹാരം നിലവിലുള്ള കയ്യേറ്റ കേസുകളിൽ ഒഴിപ്പിക്കൽ നടപടികളിൽ കാലതാമസം വന്നിട്ടുണ്ട്. |

| | | | |
|---|---|---|---|
| (ഇ) | കയ്യേറ്റക്കാർക്ക് ലഭിക്കുന്നതായി പറയപ്പെടുന്ന രാഷ്ട്രീയ പിൻബലം നിലവിലുള്ള നിയമങ്ങൾ ഫലപ്രദമായി നടപ്പിലാക്കുന്നതിന് വിഘാതമായിട്ടുണ്ടോ; വിശദമാക്കാമോ? | (ഇ) | കയ്യേറ്റക്കാർക്ക് ലഭിക്കുന്നതായി പറയപ്പെടുന്ന രാഷ്ട്രീയ പിൻബലം നിലവിലുള്ള നിയമങ്ങൾ ഫലപ്രദമായി നടപ്പിലാക്കുന്നതിന് വിഘാതമായിട്ടില്ല. |

**സെക്ഷൻ ഓഫീസർ**